"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ബഹു. കേരള ഹൈക്കോടതി റിട്ട് അപ്പിൽ നമ്പർ 1602/2022 തുടങ്ങിയ കേസുകളിൽ 13-03-2023 ന പുറപ്പെട്ടുവിച്ച വിധിന്യായം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം, അധ്യാപക അനധ്യാപക നിയമന അംഗീകാരങ്ങൾ - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.29/2023/GEDN തീയതി,തിരുവനന്തപുരം, 24-03-2023

പരാമർശം:
1. 18-11-2018 ലെ സ.ഉ. (അച്ചടി) നമ്പർ 18/2018/സാ.നീ.വ.
2. 07-05-2019 ലെ സ.ഉ. (അച്ചടി) നമ്പർ 5/2019/സാ.നീ.വ.
3. റിട്ട് പെറ്റീഷൻ നമ്പർ 19808/2021 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 10-08-2022 ന പുറപ്പെട്ടുവിച്ച വിധിന്യായം.
4. 08-11-2021 ലെ സ.ഉ. (അച്ചടി) നമ്പർ 19/2021/പൊ.വി.വ.
5. 25-06-2022 ലെ സ.ഉ. (കൈ) നമ്പർ 111/2022/ പൊ.വി.വ.
6. റിട്ട് അപ്പീൽ നമ്പർ 1445/2022, 1602/2022 തുടങ്ങിയ കേസുകളിൽ ബഹു. കേരളഹൈക്കോടതി 13-03-2023 ന പുറപ്പെട്ടുവിച്ച വിധിന്യായം.
7. 19-09-2022 ലെ സ.ഉ. (കൈ) നമ്പർ 162/2022/പൊ.വി.വ.
8. 28-10-2022 ലെ സർക്കാർ കത്ത് നമ്പർ ജെ3/49/2021/പൊ.വി.വ.
9. 07-05-2019 ലെ സ.ഉ. (അച്ചടി) നമ്പർ 5/2019/സാ.നീ.വ.
10. 25-08-2020 ലെ സ.ഉ. (അച്ചടി) നമ്പർ 19/2020/സാ.നീ.വ.
11. 28-10-2022 ലെ സ.ഉ. (അച്ചടി) നമ്പർ 7/2022/സാ.നീ.വ.

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാർ പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി 7-2-1996 മുതൽ 18-4-2017 വരെയുള്ള കാലയളവിലെ കേഡർ സ്ട്രെംഗ്തിലെ ആകെ ഒഴിവുകളുടെ 3 ശതമാനത്തിലും, 19-04-2017 മുതലുള്ള ഒഴിവുകളുടെ 4 ശതമാനത്തിലും ഭിന്നശേഷി സംവരണം നടപ്പാക്കി നിയമനം നടത്തണമെന്നും, 7-2-1996 മുതലുള്ള ബാക്ക്‌ലോഗ് ഒഴിവുകൾ 18-11-2018 മുതലുണ്ടായിട്ടുള്ള ഒഴിവുകളിൽ നികത്തണമെന്നും നിർദേശിച്ച് ബഹു . കേരള ഹൈക്കോടതി പരാമർശം (3) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതു സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബഹു ഹൈക്കോടതി ശരിവച്ചിട്ടുണ്ട്. എന്നാൽ 8-11-2021 മുതൽ ഉണ്ടാകുന്ന ഒഴിവുകളിലാണ് എയ്ഡഡ് സ്കൂളുകളിൽ

ഭിന്നശേഷി സംവരണ നിയമനം നടത്തേണ്ടതെന്ന ഈ ഉത്തരവിലെ വ്യവസ്ഥ ബഹു . കോടതി റദ്ദാക്കിയിട്ടുമുണ്ട്. മേൽ വ്യവസ്ഥകൾ പ്രകാരം ബാക്ക് ലോഗ് കണക്കാക്കി ഭിന്നശേഷി സംവരണ നിയമനം നടപ്പിലാക്കിയതിനുശേഷം മാത്രമേ 18-11-2018 ന ശേഷം മാനേജർമാർ നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കപ്പെടുകയുള്ളൂവെന്നും എന്നാൽ 18-11-2018ന ശേഷം ഏതെങ്കിലും നിയമനങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുന:പരിശോധിക്കേണ്ടതില്ലെന്നും ബഹു. ഹൈക്കോടതി ഈ വിധിന്യായത്തിൽ നിർദേശിച്ചിട്ടുണ്ട്.

2) പരാമർശം (3) ലെ വിധിന്യായത്തിനെതിരെ മാനേജർമാരും നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരും നിരവധി റിട്ട് അപ്പീലുകൾ സമർപ്പിക്കുകയുണ്ടായി. ഇപ്രകാരം സമർപ്പിക്കപ്പെട്ടിരുന്ന റിട്ട് അപ്പീലുകളിൽ പരാമർശം (6) പ്രകാരം ബഹു. കോടതി പൊതു വിധിന്യായം പുറപ്പെടുവിച്ചിരിക്കുകയാണ്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കു മുഴുവൻ അവർക്ക് അർഹമായ തസ്തികകളിൽ നിയമനം ലഭിക്കണം, അതോടൊപ്പം അധ്യാപക അനധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ അക്കാദമിക താല്പര്യങ്ങളും സംരക്ഷിക്കപ്പെടണം എന്നീ വസ്തുതകൾ കണക്കിലെടുത്താണ് ബഹു. കോടതി ഈ വിധിന്യായം പുറപ്പെടുവിച്ചിരിക്കുന്നത്. ആയതിനാൽ ഭിന്നശേഷി സംവരണം സംബന്ധിച്ച വിധിന്യായങ്ങളുടെയും, പ്രസ്തുത വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം, അധ്യാപക അനധ്യാപക നിയമന അംഗീകാരങ്ങൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ താഴെ പരാമർശിക്കും പ്രകാരം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാർ പരാമർശം(5) ഉത്തരവ് പ്രകാരം ഇപ്പോൾ 'സമന്വയ' വഴി തയ്യാറാക്കിയിട്ടുള്ള റോസ്റ്റർ, ബഹു . ഹൈക്കോടതിയുടെ പരാമർശം (3) ലെയും (6) ലെയും വിധിന്യായങ്ങൾ , സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം , ഓരോ എയ്ഡഡ് സ്കൂളിലും / മാനേജുമെന്റിലും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി ഒഴിവുകൾ മാറ്റി വയ്ക്കേണ്ടതും , 18-11-2018 മുതൽ ഉണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ട് ഇപ്പോൾ നിയമനാംഗീകാരമില്ലാതെ തുടരുന്ന അധ്യാപക , അനധ്യാപകരെ തൽസ്ഥാനങ്ങളിൽ നിന്നു മാറ്റി പ്രസ്തുത ഒഴിവിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെത്തന്നെ, ടിയാളുകളെ ലഭ്യമാകുന്ന മുറയ്ക്ക് നിയമിക്കേണ്ടതുമാണ് .

ii) പരാമർശം (3) ലെ വിധിന്യായത്തിൽ പുന:പരിശോധിക്കേണ്ടതില്ലെന്നു നിർദേശിക്കപ്പെട്ട നിയമനാംഗീകാരങ്ങൾ അപ്രകാരം തന്നെ തുടരുന്നതായിരിക്കും.

iii) ഇപ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുവരെ പ്രസ്തുത ഒഴിവിൽ തുടരുന്ന അധ്യാപകന് / അനധ്യാപകന്, മറ്റെല്ലാ തരത്തിലും യോഗ്യതയുണ്ടെങ്കിൽ, പ്രസ്തുത ഒഴിവ് താൽക്കാലികമായി കണക്കാക്കിക്കൊണ്ട്, ശമ്പള സ്കെയിലിൽ അംഗീകാരവും എല്ലാ അലവൻസുകളുമടക്കമുള്ള ശമ്പളവും നൽകേണ്ടതാണ്. എന്നാൽ ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനോ വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കാനോ പാടില്ല. ഇപ്രകാരം നിയമനാംഗീകാരം നൽകുന്നതിനു ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെ കാത്തിരിക്കേണ്ടതുമില്ല. മാനേജർ, സബ് റീജിയണൽ / സ്പെഷ്യൽ

എംപ്ലോയ്മെന്റ് ഓഫീസർക്ക് അയച്ച ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ആവശ്യപ്പെട്ടുകൊണ്ടുള്ള Requisition Form ന്റെ പകർപ്പ് ലഭ്യമായാൽ അക്കാര്യം ഉറപ്പ വരുത്തിക്കൊണ്ട് പ്രസ്തുത ഒഴിവിൽ നിയമിക്കപ്പെട്ടിരിക്കുന്ന ആളിന് താൽക്കാലിക നിയമനാംഗീകാരം നൽകേണ്ടതാണ്. ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെയായി ഈ നിയമനാംഗീകാരം പരിമിതപ്പെടുത്തിയാണ് ഉത്തരവ് നൽകേണ്ടത്. 18-11-2018 മുതൽ 07-11-2021 വരെ ഉണ്ടായ ഒഴിവുകളിൽ 07-11-2021 ന ശേഷം നിയമിക്കപ്പെട്ട ആളാണെങ്കിലും മേല്പറഞ്ഞ താൽക്കാലിക നിയമനാംഗീകാരത്തിന് അർഹതയുണ്ടായിരിക്കും. ഇപ്രകാരം താൽക്കാലിക നിയമനാംഗീകാരം നൽകുന്നതിന് മാനേജർ, സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർക്ക് അയച്ച ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ആവശ്യപ്പെട്ടുകൊണ്ടുള്ള Requisition Form ന്റെ പകർപ്പും ഭിന്നശേഷി സംവരണ നിയമനത്തിനായി മാറ്റിവച്ച ഒഴിവിന്റെ വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ടും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്കു സമർപ്പിക്കേണ്ടതാണ്. ഒഴിവ് റിപ്പോർട്ട് ചെയ്ത കാര്യം ഉറപ്പ വരുത്തിക്കൊണ്ട മാത്രമേ ഇത്തരത്തിൽ താൽകാലിക നിയമനാംഗീകാരം നൽകാവൂ.

iv) മേൽ പറഞ്ഞതു പ്രകാരം താൽക്കാലിക നിയമനാംഗീകാരം നേടുന്ന ആൾ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുമൂലം പുറത്തു പോകേണ്ടി വരുമ്പോൾ ആ സ്കൂളിൽ / ആ മാനേജ്മെന്റിലെ മറ്റു സ്കൂളുകളിൽ പിന്നീടുണ്ടാകുന്ന ഒഴിവുകളിൽ, അതിൽ നിയമിക്കപ്പെടാനുള്ള അയാളുടെ മറ്റു യോഗ്യതകൾക്കു വിധേയമായി, പുനർ നിയമനത്തിന് കെ.ഇ.ആർ അദ്ധ്യായം XIV (A), ചട്ടം 51 A യ്ക്കു തുല്യമായ അവകാശം ഉണ്ടായിരിക്കും. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലകളിൽ ചട്ടം 51 A അവകാശം അനുവദിച്ചിട്ടില്ലാത്തതിനാൽ ഇത്തരം സന്ദർഭങ്ങളിൽ ചട്ടം 51 A യ്ക്കു തുല്യമായ മുൻഗണന നൽകാവുന്നതാണ്.

v) റോസ്റ്റർ പ്രകാരം നിയമിക്കേണ്ട എണ്ണം ഒഴിവുകൾ ഭിന്നശേഷി നിയമനത്തിനായി മാറ്റിവച്ച് മാനേജർ ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ അക്കാര്യവും ഒഴിവുകളുടെ നിജസ്ഥിതിയും ഉറപ്പവരുത്തിക്കൊണ്ട് 18.11.2018 മുതൽ മാനേജർ നടത്തിയിട്ടുള്ള മറ്റ് അദ്ധ്യാപക / അനദ്ധ്യാപകരുടെ നിയമനങ്ങൾ അവരുടെ നിയമനത്തീയതി മുതൽ തന്നെ താൽക്കാലികമായി (പ്രൊവിഷണൽ) അംഗീകരിക്കാവുന്നതും ശമ്പളവും മറ്റ് അലവൻസുകളും അനുവദിക്കാവുന്നതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥിയെ ലഭ്യമാക്കി ബാക്ക് ലോഗ് പരിഹരിച്ച് മാനേജർ നിയമിക്കുകയും, അംഗീകാരം ലഭിക്കുകയും ചെയ്ത് നൽകുന്ന മുറയ്ക്ക് പ്രസ്തുത കാറ്റഗറിയിൽ പ്രൊവിഷണലായി തുടരുന്ന മറ്റ് നിയമനങ്ങൾ നിയമന തീയതി മുതൽ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് റഗുലറൈസ് ചെയ്യാവുന്നതാണ്.

vi) പരാമർശം (5) ലെ ഉത്തരവിൽ നിർദേശിച്ചിട്ടുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചതിനു ശേഷവും സംവരണ നിയമനത്തിനായി ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭിക്കുന്നില്ലെങ്കിൽ പ്രസ്തുത ഒഴിവിൽ താൽക്കാലിക നിയമനാംഗീകാരത്തോടെ തുടരുന്ന ആളിനെ അയാളുടെ 18-11-2018 ന ശേഷമുള്ള നിയമനത്തീയതി മുതൽ തന്നെ സ്ഥിരപ്പെടുത്താവുന്നതാണ്.

vii) റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കാത്ത മാനേജ്മെന്റുകളുടെ ബാക്ക് ലോഗ് കണക്കാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത മാനേജ്മെന്റിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകേണ്ടതില്ല. ഇത്തരം മാനേജ്മെന്റുകളിൽ തുടരുന്ന ജീവനക്കാരുടെ നിയമനാംഗീകാരം റോസ്റ്റർ സമർപ്പിച്ച് അംഗീകരിച്ച നൽകുന്ന മുറയ്ക്ക് പരിഗണിച്ചാൽ മതിയാകും.

viii) സാമൂഹ്യ നീതി വകുപ്പിന്റെ പരാമർശത്തിലെ ഉത്തരവുകളും 31.10.2019-ലെ സ.ഉ(പി) നം. 12/2019/സാനീവ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ The Person with Disabilities (Equal opportunities, Protection of Rights and Full Participation) Act, 1995 ലെ സെക്ഷൻ 33 പ്രകാരം 7-2-1996 മുതൽ 17-4-2017 വരെയുള്ള കാലയളവിലെ കേഡർ സ്ട്രെംഗ്തിലെ ആകെ ഒഴിവുകളുടെ 3 ശതമാനത്തിൽ ഓരോ കാറ്റഗറിയിലും (i) Blindness or Low Vision, (ii) Hearing impairment, (iii) Locomotor Disability or Cerebral Palsy വിഭാഗങ്ങളിലുള്ള ഭിന്നശേഷിക്കാരെയും (ഒരു ശതമാനം വീതം), The Rights of Persons with Disabilities Act, 2016 ലെ സെക്ഷൻ 34 പ്രകാരം 18-04-2017 മുതലുള്ള ഒഴിവുകളുടെ 4 ശതമാനത്തിൽ (*a*) blindness and low vision; (*b*) deaf and hard of hearing; (*c*) locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy; (ഒരു ശതമാനം വീതം) (*d*) autism, intellectual disability, specific learning disability and mental illness; (*e*) multiple disabilities from amongst persons under clauses (*a*) to (*d*) including deaf-blindness in the posts identified for each disabilities (d, e വിഭാഗങ്ങൾക്ക് രണ്ടിനും കൂടി ഒരു ശതമാനം) വിഭാഗങ്ങളിലുള്ള ഭിന്നശേഷിക്കാരെയും നിയമിക്കേണ്ടതാണ്.

ix) 08/11/2021 ന ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതും, ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്ന മുറയ്ക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, അത്തരം സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നവരെ, അവരുടെ നിയമന തീയതി മുതൽ റഗുലറായി ക്രമീകരിക്കാവുന്നതുമാണ്.

x) ഇതിനകം അംഗീകാരം നിരസിക്കപ്പെട്ട നിയമനങ്ങളിൽ ഏതിനെങ്കിലും മേൽ പ്രസ്താവിച്ച സ്പഷ്ടീകരണങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരം നൽകാൻ കഴിയുമെങ്കിൽ അവ അപ്പലേറ്റ് ഉത്തരവ് ഇല്ലാതെ തന്നെ വിദ്യാഭ്യാസ ഓഫീസർമാർക്ക് പുന:പരിഗണിക്കാവുന്നതാണ്.

xi) മേൽ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ വിശദമായ തുടർ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
ഡയറക്ടർ വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുവിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറിയുടെ സി.എക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
N.k. Sheena
Date: 24-03-2023 18:38:04